പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1946 **26-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ ആശുപത്രികളിലെ ആംബുലൻസുകളിലെ തകരാറുകൾ പരിഹരിക്കുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. ബിനിമോൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സർക്കാർ ആശുപത്രികളിലെ ആംബുലൻസുകൾക്ക് തകരാറു സംഭവിച്ചാൽ പരിഹരിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മെഡിക്കൽ കോളേജുകളിലെ വാഹനങ്ങളുടെ തകരാർ പരിഹരിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കി അടിയന്തരമായി മെഡിക്കൽ കോളേജുകളിലെ ആംബുലൻസുകളുടെ തകരാർ പരിഹരിക്കുന്നുണ്ട്.

ആരോഗ്യ വകുപ്പിന് കീഴിലുള്ള മറ്റു ആംബുലൻസുകളിലേയും തകരാറുകൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) സാങ്കേതിക അനുമതി ലഭിക്കുന്നതിന് വളരെയധികം കാലതാമസം വരുന്നതുമൂലം ആംബുലൻസുകൾ യഥാസമയം നന്നാക്കുവാൻ കഴിയാതെ വരുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: മെഡിക്കൽ കോളേജുകളിലെ വാഹനങ്ങളുടെ തകരാർ പരിഹരിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കി അടിയന്തരമായി മെഡിക്കൽ കോളേജുകളിലെ ആംബുലൻസുകളുടെ തകരാർ പരിഹരിക്കുന്നുണ്ട്.

ആരോഗ്യ വകുപ്പിന് കീഴിലുള്ള മറ്റു ആംബുലൻസുകളിലേയും തകരാറുകൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(സി) ഇങ്ങനെ ആംബുലൻസുകളുടെ തകരാർ പരിഹരിക്കുന്നത്തിലുണ്ടാകുന്ന കാലതാമസം മൂലം അതിലെ മറ്റ് യന്ത്ര സംവിധാനങ്ങൾക്കും തകരാർ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ;

മറുപടി: മെഡിക്കൽ കോളേജുകളിലെ വാഹനങ്ങളുടെ തകരാർ പരിഹരിക്കുന്നതിനുള്ള അനുമതി പൊതുമരാമത്ത് വകുപ്പ് മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കി അടിയന്തരമായി മെഡിക്കൽ കോളേജുകളിലെ ആംബുലൻസുകളുടെ തകരാർ പരിഹരിക്കുന്നുണ്ട്.

ആരോഗ്യ വകുപ്പിന് കീഴിലുള്ള മറ്റു ആംബുലൻസുകളിലേയും തകരാറുകൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ആംബുലൻസുകൾക്ക് സാങ്കേതിക അനുമതി നൽകുന്നതിനും എച്ച്.എം.സി (ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി) ഫണ്ടിൽ നിന്നും തുക മുൻകൂറായി അനുവദിക്കുന്നതിനും ആയത് സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് എച്ച്എംസിയിലേക്ക് തിരികെ നൽകുന്നതിനും ഉണ്ടാകുന്ന ഈ കാലതാമസം ഒഴിവാക്കാവുക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

<u>മറുപടി:</u> അറ്റകുറ്റപണികൾക്കായി ചെലവാകുന്ന തുക അതാത് ആശുപത്രികളുടെ എച്ച്.എം.സി ഫണ്ടിൽ നിന്നാണ് ചെലവഴിക്കുന്നത്. അറ്റകുറ്റപണികൾക്കായി ചെലവഴിക്കുന്ന തുക അഡ്വാൻസായി അനുവദിക്കുന്നതിനുള്ള അധികാരം അതാത് ആശുപത്രി വികസന സമിതികൾക്കാണ്. ബന്ധപ്പെട്ട സർക്കാർ ചട്ടങ്ങൾക്കു വിധേയമായി തുക തിരികെ എച്ച്.എം.സി അക്കൗണ്ടിലേയ്ക്ക് മാറുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ